**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 533** **24-08-2022 - ൽ മറുപടിയ്ക്ക്**

**ചെറുപുഴ ട്രഷറിയ്ക്ക് പുതിയ കെട്ടിടം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പിന്റെ കീഴിൽ സ്ഥലമില്ലാത്തതിനാൽ ജനകീയ പങ്കാളിത്തത്തോടെ സ്വകാര്യ വ്യക്തിയിൽ നിന്ന് 5 സെന്റ് സ്ഥലം വാങ്ങി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ സാഹചര്യത്തിൽ പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ; | (എ) | ചെറുപുഴ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തിയിൽ നിന്ന് 5 സെന്റ് സ്ഥലം ലഭ്യമാകുകയും കെട്ടിട നിർമ്മാണ ചുമതല ഇൻകെൽ ലിമിറ്റഡിന് ഏർപ്പെടുത്തുകയും ചെയ്തു. എന്നാൽ പ്രസ്തുത സ്ഥലത്ത് ചെറുപുഴ പഞ്ചായത്ത് കൈയ്യേറി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഇത് പഞ്ചായത്ത് ഭരണ സമിതിയെ അറിയിച്ചതിനെതുടർന്ന് ഭൂമിക്ക് തുല്യമായി സ്വകാര്യ വ്യക്തിയുടെ ഭൂമി വാങ്ങി ട്രഷറിയ്ക്ക് നൽകുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ സാമ്പത്തിക വർഷം തന്നെ പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകാൻ കഴിയുമോ; വ്യക്തമാക്കാമോ? | (ബി) | ട്രഷറി കെട്ടിടത്തിനായി വകുപ്പിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം തുടങ്ങുന്നതിനുള്ള പ്രവർത്തനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ